## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.352** — **25.06.2018-ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ രംഗത്ത് പട്ടികവിഭാഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.കെ.എം.ഷാജി | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടിയ ശേഷം കൊഴിഞ്ഞുപോകുന്ന പട്ടികവിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉന്നതവിദ്യാഭ്യാസത്തിന് പ്രവേശനം നേടിയ ശേഷം പഠനം പൂർത്തിയാക്കാത്ത പട്ടികവിഭാഗം വിദ്യാർത്ഥികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് ചേർന്ന ശേഷം കൊഴിഞ്ഞുപോകുന്നവരുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; | (ബി) | GIFT (ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ) എന്ന സ്ഥാപനം 'സമുന്നതി' എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് എഞ്ചിനീയറിംഗ് മേഖലയിലെ കൊഴിഞ്ഞുപോയ പട്ടികജാതി വിദ്യാർത്ഥികളുടെ കണക്ക് എടുത്തിട്ടുണ്ട്.<br>പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ 2013 ലെ സോഷ്യോ ഇക്കണോമിക് സർവ്വേപ്രകാരം എൻജിനീയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് പഠനം നടത്തിയതിൽ 1240 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോയതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ഇവർക്ക് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നതിന് പ്രത്യേക സഹായം നൽകാനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ വിവിധ സർക്കാർ അംഗീകൃത കോളേജുകളിൽ B.Tech കോഴ്സിന് പഠിയ്ക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളിൽ കണ്ടുവരുന്ന കൊഴിഞ്ഞുപോക്ക് തടയുന്നതിനും തോറ്റപേപ്പറുകൾ വീണ്ടും എഴുതി വിജയിപ്പിക്കുന്നതിനുമായി പട്ടികജാതി വികസന വകുപ്പിന്റെ മേൽ നോട്ടത്തിൽ IHRD യുടെ കീഴിലുള്ള "മോഡൽ ഫിനിഷിംഗ് സ്കൂൾ" എന്ന സ്ഥാപനം വഴി റെമെഡിയൽ കോച്ചിംഗ് നൽകുന്നതിനായി ഒരു പദ്ധതി ആവിഷ്കരിച്ച് 2017-18 ൽ നടപ്പിലാക്കിയിട്ടുണ്ട്.<br>പ്രൊഫഷണൽ കോഴ്സുകൾക്ക് ചേർന്ന് പഠിക്കുകയും എന്നാൽ പരീക്ഷ വിജയിക്കാതെ പഠനം നിർത്തിയ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പ്രത്യേകം പരിശീലിപ്പിച്ച് പരീക്ഷയ്ക്ക് പ്രാപ്തരാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരവും ആവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. അതിലേക്കായി വിദ്യാർത്ഥികളുടെ വിശദ വിവരങ്ങൾ വകുപ്പതലത്തിൽ ശേഖരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ